പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2055 22.01.2014 ൽ മറുപടിക്ക്

## പോലീസിലെ അഴിമതി

| ചോദ്യം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ജില്ലാപോലീസ് മേധാവിയിൽ നിന്നു പോലും കൈക്കൂലി വാങ്ങുന്ന നിലയിൽ സംസ്ഥാനത്തെ പോലീസ് സംവിധാനം അഴിമതി നിറഞ്ഞതായി മാറിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| ബി) പോലീസ് സേനയിലുള്ളവർ പൊതുവിൽ അഴിമതിക്കാരായി മാറുന്നതിനിടയാക്കുന്ന സാഹചര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും. ഇത്തരം സാഹചര്യങ്ങൾ ഒന്നും തന്നെ നിലവിലില്ല. എന്നിരുന്നാലും അഴിമതി സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ അതു നടത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തുവാനും നടപടി സ്വീകരിക്കുവാനുമായി സംസ്ഥാനത്ത് ഒരു അഴിമതി വിരുദ്ധ ബ്യൂറോ (V & ACB) പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, പോലീസ് - ഓഫീസുകളിലും അഴിമതി സംബന്ധിച്ച് വിവരം നൽകുവാനായി ടെലിഫോൺ വിവരങ്ങളടങ്ങിയ ബോർഡുകൾ പൊതുജനങ്ങൾക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥരുടെ ഇടയിൽ മെച്ചപ്പെട്ട അവബോധം നൽകുവാനായി സെമിനാറു |
| (സി)ഇത്തരം സാഹചര്യങ്ങൾ ഇല്ലാതാക്കാൻ സർക്കാർ മാതൃകാപരമായ നടപടിക്ക് തയ്യാറാകുമോ; | |

| | |
|---|---|
| | കളും,ക്ലാസ്സുകളും നടത്തി വരുന്നു. ഇതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാനും, പോലീസിന്റെ സേവനം സുതാര്യമാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| **(ഡി)**പോലീസിൽ കൈക്കൂലി കൊടുത്ത് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുമോ; | **(ഡി)** ഇത്തരം സ്ഥിതി വിശേഷം നിലവിലില്ല. എന്നാൽ ഒറ്റപ്പെട്ട ചില കേസ്സുകൾ ശ്രദ്ധയിൽപ്പെടുകയും അത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| **(ഇ)** അഴിമതിക്കാരെ കണ്ടെത്തുന്നതിനും മാറ്റി നിർത്താനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; അഴിമതി നടത്തിയതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥർ ഇപ്പോൾ സസ്പെൻഷനിൽ കഴിയുന്നുണ്ടോ; വിശദമാക്കുമോ? | **(ഇ)** അഴിമതി നടത്തുന്നതായോ, കൈക്കൂലി വാങ്ങിയതായോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തുന്നതിൽ വിട്ടുവീഴ്ച ചെയ്യാറില്ല. കൂടാതെ അവർക്കെതിരെ കർശന നിയമ/വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. അഴിമതി നടത്തിയതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥർ സസ്പെൻഷനിൽ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ